\>> ലേഖനം

അബൂ യാസിർ




'സൗഹൃദം' - ജമാഅത്തെ ഇസ്‌ലാമി നൽകിയ വഞ്ചി

# വർഗീയതയോടുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സമീപനം-2

**വർഗീയ** കലാപങ്ങളും പ്രകൃതി ദുരന്തങ്ങളുമുണ്ടാകുമ്പോൾ അതിനിരയാകുന്നവർക്ക് സഹായമെത്തിച്ചുകൊടുക്കുകയാണ് ജമാഅത്ത് എന്നും ചെയ്തുവന്നിട്ടുള്ളത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സംഘടന ദുരിതബാധിതരുടെ ജാതി-മതങ്ങൾ പരിഗണിക്കാറില്ല. കലാപങ്ങളിൽ കൂടുതൽ ദുരന്തത്തിനിരകളായിത്തീരുന്നതും പ്രകൃതി ദുരന്തങ്ങളിൽ ഉത്തരവാദപ്പെട്ടവരാൽ ഏറെ അവഗണിക്കപ്പെടുന്നവരും മുസ്‌ലിംകളാണ്. അതുകൊണ്ട് ജമാഅത്തിന്റെ ദുരിതാശ്വാസ സംരംഭങ്ങളിൽ മുസ്‌ലിം സമുദായത്തിന് കൂടുതൽ പരിഗണന ലഭിക്കാറുണ്ട്. എന്നാൽ സഹോദര സമുദായങ്ങളെ അതൊരിക്കലും അവഗണിക്കാറില്ല. 1969-ൽ അഹമദാബാദിലുണ്ടായ വർഗീയ കലാപത്തിനിരകളായവർക്കുവേണ്ടി ജമാഅത്ത് സ്ഥാപിച്ച 'മില്ലത്ത് കോളനി'യിൽ മതപരിഗണനയില്ലാതെ ഇരു സമുദായത്തിലുംപെട്ട വീടു നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിച്ചു. 1977-ൽ ആന്ധ്രാ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ് വിനാശം വിതച്ചതിനെത്തുടർന്ന് നിരാലംബരായ 165 അമുസ്‌ലിം കുടുംബങ്ങളുള്ള ബസഗോട്ടി ഗ്രാമവും 824 അമുസ്‌ലിം കുടുംബങ്ങളുള്ള ലിംഗറെഡ്ഡിപാലവുമടക്കം 12 അമുസ്‌ലിം ഗ്രാമങ്ങളുടെ പുനർനിർമാണം ഏറ്റെടുത്തു നടത്തിയത് ജമാഅത്തെ ഇസ്‌ലാമിയാണ്.

2002-ൽ ഗുജറാത്തിൽ ഭൂകമ്പബാധിത പ്രദേശങ്ങളിൽ പ്രസ്ഥാനം നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ജാതി-മതാതീതമായ നിലപാടാണ് കൈക്കൊണ്ടത്. 2003-ലെ ഗുജറാത്ത് കലാപത്തിന്റെ ഇരകളിൽ മഹാഭൂരിപക്ഷവും മുസ്‌ലിംകളാണ്. എന്നിട്ടും ജമാഅത്തിന്റെ ദുരിതാശ്വാസ പ്രവർത്തകർ അവിടെ നടപ്പാക്കിയ പുനരധിവാസ പദ്ധതികളിൽ അമുസ്‌ലിം സഹോദരങ്ങൾക്ക് ന്യായമായ പരിഗണന നൽകുകയുണ്ടായി. ദുരിതബാധിതർക്കായി നിർമിച്ച മൂവായിരത്തോളം വീടുകളിൽ അറുന്നൂറോളം വീടുകൾ ലഭിച്ചത് അമുസ്‌ലിംകൾക്കാണ്. 2004-ൽ കേരള, തമിഴ്നാട് തീരങ്ങളിലുണ്ടായ സൂനാമി ദുരന്തത്തിനിരയായവർക്കു വേണ്ടി നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളും പ്രസ്ഥാനത്തിന്റെ ജാതി-മതാതീതമായ മാനുഷിക പരിഗണനക്ക് ഉദാഹരണമാണ്. കേരളത്തിൽ ജമാഅത്ത് ഘടകങ്ങളും പോഷക സംഘടനകളും ഭവനരഹിതർക്കായി നൂറു കണക്കിൽ വീടുകൾ നിർമിച്ചു നൽകിയിട്ടുണ്ട്. അതിന്റെ ഗുണഭോക്താക്കളിൽ നല്ലൊരു വിഭാഗം ഇതര മതവിഭാഗങ്ങളിൽ നിന്നുള്ളവരാണ്. രണ്ടു വർഷം മുമ്പ് സന്നദ്ധ സേവനത്തിലൂടെ പാവങ്ങൾക്ക് പാർപ്പിടമൊരുക്കാൻ ജമാഅത്തിന്റെ യുവജന വിഭാഗമായ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് ആവിഷ്കരിച്ച പദ്ധതിയിലൂടെ നിർമിക്കപ്പെട്ട നാനൂറ്റി അമ്പതിൽ പരം വീടുകളിൽ പകുതിയോളം വീടുകൾ സഹോദര മതസ്ഥർക്കാണ് നൽകിയത്.

## മതസൗഹാർദം

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത പരിപാടികളിൽ സുപ്രധാനമാണ് സമൂഹത്തിൽ സമാധാനാന്തരീക്ഷവും മതസൗഹാർദവും നിലനിർത്താനുള്ള പ്രവർത്തനങ്ങൾ. പെരുന്നാളുകളിൽ സഹോദര മതസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഈദ് മീറ്റുകൾ സംഘടിപ്പിക്കുക, ഓണക്കാലത്ത് ദാരിദ്ര്യമനുഭവിക്കുന്ന ഹിന്ദുക്കൾക്ക് സൗഹാർദ സമ്മാനമായി ഓണക്കിറ്റുകൾ നൽകുക തുടങ്ങിയവ ഈ രംഗത്ത് ജമാഅത്ത് ആവിഷ്കരിച്ച പരിപാടികളാണ്. സംഘടനാ സമ്മേളനങ്ങളിലും പള്ളി-മദ്റസകളുമായി ബന്ധപ്പെട്ട പരിപാടികളിലും റമദാൻ കാലത്തെ സമൂഹ ഇഫ്ത്വാറുകളിലും സഹോദര സമുദായങ്ങളിൽനിന്നുള്ളവരെ പങ്കെടുപ്പിക്കുന്ന സമ്പ്രദായം മതസൗഹാർദം ഊഷ്മളമാക്കാൻ ഏറെ സഹായകമാകുന്നുണ്ട്. ആദ്യകാലത്ത് ഇത്തരം നീക്കങ്ങളെ മുസ്‌ലിംകളിൽ ചിലർ എതിർത്തുവെങ്കിലും

ഇപ്പോൾ എല്ലാവരും അതനുകരിച്ചു തുടങ്ങിയിരിക്കുന്നു. അഖിലേന്ത്യാതലത്തിൽ സാമുദായിക സമാധാനവും സൗഹാർദവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എഫ്.ഡി.സി.എ പോലുള്ള സംഘടനകളിലും ജമാഅത്തെ ഇസ്‌ലാമി സജീവമായ പങ്കുവഹിക്കുന്നുണ്ട്.

### സാമൂഹിക ഇടപെടൽ

ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പോഷകഘടകങ്ങളായ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റും സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷനും (എസ്.ഐ.ഒ) നാട്ടിലെ നിരവധി സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടുവരുന്നു. ഈ പ്രശ്നങ്ങളൊന്നും മുസ്‌ലിം സമുദായത്തെ മാത്രം ബാധിക്കുന്നവയല്ല; സമൂഹത്തെ മുഴുവൻ ബാധിക്കുന്ന പൊതുപ്രശ്നങ്ങളാണ്. അഴിമതിക്കും അടിസ്ഥാന വർഗങ്ങളുടെ താൽപര്യങ്ങളെ ബലികഴിച്ചുകൊണ്ടുള്ള അമാനവികമായ മുതലാളിത്ത വികസന ശൈലിക്കും എതിരായ പ്രചാരണം, പരിസ്ഥിതി നശീകരണത്തിനെതിരെയുള്ള ബോധവത്കരണം, പ്ലാച്ചിമടയിലെ ജലദൂഷണത്തിനെതിരെ നടന്ന സമരം, കാസർക്കോട്ടെ എൻഡോസൾഫാൻ ദുരിത ബാധിതർക്കേർപ്പെടുത്തിയ ദുരിതാശ്വാസം തുടങ്ങി ജമാഅത്തിന്റെ മതേതരവും മനുഷ്യ സ്നേഹപരവുമായ എത്രയോ ഇടപെടലുകൾക്ക് കേരളം സാക്ഷിയാണ്. ഇത്തരം പ്രശ്നങ്ങളിൽ സമാന കാഴ്ചപ്പാടുള്ള ധാരാളം മതേതര പ്രസ്ഥാനങ്ങൾ ജമാഅത്തുമായി സഹകരിക്കുന്നുണ്ട് എന്നതും പ്രസ്താവ്യമാണ്.

രാഷ്ട്രീയ രംഗത്തും ഈ പ്രസ്ഥാനം സ്വീകരിച്ചുപോന്നിട്ടുള്ളത് തികച്ചും അവർഗീയവും ജനാധിപത്യപരവും സാമ്രാജ്യത്വവിരുദ്ധവും മൂല്യാധിഷ്ഠിതവുമായ സമീപനമാണ്. തെരഞ്ഞെടുപ്പുകളിൽ ജാതി-മത കക്ഷി ബന്ധങ്ങൾക്കതീതമായി മൂല്യപ്രതിബദ്ധതയുള്ള സ്ഥാനാർഥികൾക്ക് വോട്ടു നൽകുന്ന നിലപാടായിരുന്നു, വോട്ടവകാശം വിനിയോഗിക്കാൻ തുടങ്ങിയ ആദ്യഘട്ടത്തിൽ കൈക്കൊണ്ടത്. പിൽക്കാലത്തുളവായ രാഷ്ട്രീയ സാഹചര്യങ്ങൾ സ്ഥാനാർഥികളുടെ മൂല്യപ്രതിബദ്ധതക്കപ്പുറം, അവരുൾക്കൊള്ളുന്ന കക്ഷികളുടെയും മുന്നണികളുടെയും ആദർശലക്ഷ്യങ്ങളും മൂല്യപ്രതിബദ്ധതയും പരിഗണിക്കേണ്ടത് അനിവാര്യമാക്കിത്തീർത്തു. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ കേരളത്തിൽ ജമാഅത്ത് പിന്തുണച്ചത് ഇടതു ജനാധിപത്യ മുന്നണി (എൽ.ഡി.എഫ്)യെയായിരുന്നു. വർഗീയ ഫാഷിസ്റ്റുശക്തികളെയും മുതലാളിത്ത സാമ്രാജ്യത്വത്തിന്റെ കുഴലൂത്തുകാരെയും അധികാരത്തിൽനിന്ന് അകറ്റിനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു അത്. എതിർ മുന്നണിയായ യു.ഡി.എഫിൽ കേരളത്തിലെ പ്രമുഖ മുസ്‌ലിം രാഷ്ട്രീയ കക്ഷിയായ മുസ്‌ലിം ലീഗും ഘടകമായിരിക്കെയാണ് ജമാഅത്ത് ഈ തീരുമാനമെടുത്തത്.


'സൗഹൃദം' -ജമാഅത്തെ ഇസ്‌ലാമി നിർമിച്ച സുനാമി വീട്

**രണ്ടു വർഷം മുമ്പ് സന്നദ്ധ സേവനത്തിലൂടെ പാവങ്ങൾക്ക് പാർപ്പിടമൊരുക്കാൻ ജമാഅത്തിന്റെ യുവജന വിഭാഗമായ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് ആവിഷ്കരിച്ച പദ്ധതിയിലൂടെ നിർമിക്കപ്പെട്ട നാനൂറ്റി അമ്പതിൽ പരം വീടുകളിൽ പകുതിയോളം വീടുകൾ സഹോദര മതസ്ഥർക്കാണ് നൽകിയത്.**

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിതമായ ആദർശ ലക്ഷ്യങ്ങളുടെ പ്രയോഗവത്കരണം തന്നെയാണ് അതിന്റെ പ്രവർത്തന പരിപാടികളെന്നത്രെ ഇതെല്ലാം അസന്ദിഗ്ധമായി വിളിച്ചോതുന്നത്. ആദർശലക്ഷ്യങ്ങളും പ്രവർത്തന മാർഗങ്ങളും പരസ്പര പൂരകമായി മേളിച്ച ഒരു സംഘടനയിൽ വിപരീത ലക്ഷ്യങ്ങളും സ്വഭാവങ്ങളും ആരോപിക്കുന്നത് തികഞ്ഞ അനീതിയാണ്. ജമാഅത്തിന്റെ ആദർശ ലക്ഷ്യങ്ങളും സ്വഭാവങ്ങളും പ്രവർത്തന പരിപാടികളും നിഷ്പക്ഷബുദ്ധ്യാ വിലയിരുത്തുന്നവർ അതിന്റെ അവർഗീയവും മൂല്യാധിഷ്ഠിതവുമായ സ്വഭാവത്തെ അംഗീകരിക്കാൻ മടിക്കാറില്ല. ജമാഅത്ത് മുന്നോട്ടുവെക്കുന്ന പ്രത്യയശാസ്ത്രവുമായി വിയോജിക്കുമ്പോൾതന്നെ, വർഗീയ വിരുദ്ധവും മതസൗഹാർദപരവുമായ അതിന്റെ പ്രവർത്തന പരിപാടികളുമായി സഹകരിക്കാൻ തയാറാകുന്നവർ ഏറെയാണ്. വിവിധ രാഷ്ട്രീയ നേതാക്കൾക്കു പുറമെ ജസ്റ്റിസ് താർഖുണ്ഡെ, സ്വാമി അഗ്നിവേശ്, ജസ്റ്റിസ് കൃഷ്ണയ്യർ തുടങ്ങി ദേശീയ തലത്തിൽ അറിയപ്പെടുന്ന നിരവധി സാംസ്കാരിക നായകന്മാർ അക്കൂട്ടത്തിലുണ്ട്.

### വിമർശകരുടെ ഉന്നം

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദർശ ലക്ഷ്യങ്ങളിലേക്കോ പ്രവർത്തനങ്ങളിലേക്കോ തീരെ തിരിഞ്ഞുനോക്കാതെയാണ് പലരും അതിന്റെ മേൽ വർഗീയതയുടെയും തീവ്രവാദത്തിന്റെയും മുദ്ര ചാർത്തുന്നത്. 'ജമാഅത്തെ ഇസ്‌ലാമി' എന്ന പേരുതന്നെ മതി ചിലർക്ക് അത് വർഗീയ സംഘടനയാണെന്നുറപ്പിക്കാൻ. അവരുടെ ദൃഷ്ടിയിൽ ഇസ്‌ലാം എന്നാൽ മുസ്‌ലിം എന്ന വർഗത്തിന്റെ മതമാണ്. ഇസ്‌ലാമിക സംഘടനയെന്നാൽ മുസ്‌ലിം വർഗത്തിന്റെ മഹത്വത്തിലും മേധാവിത്വത്തിലും വിശ്വസിക്കുകയും ആ വിശ്വാസം യാഥാർഥ്യമാക്കി സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വർഗീയ പിന്തിരിപ്പൻ സംഘടനതന്നെ. ചിലരുടെ നോട്ടത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നവരൊക്കെ വർഗീയവാദികളാണ്. അതുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി വർഗീയ സംഘടനയാവാതിരിക്കാൻ തരമില്ല. 1968-ൽ കമ്യൂണിസ്റ്റ് നേതാവ് രൂപേശ് ഗുപ്ത ആർ.എസ്.എസ്സിനെപ്പോലൊരു വർഗീയ സംഘടന



ജമാഅത്തെ ഇസ്‌ലാമിയുടെ സൂനാമി റിലീഫ് വിതരണ വേദിയിൽ മന്ത്രി എൻ.കെ പ്രേമചന്ദ്രൻ, സി.എസ് സുജാത എം.പി

യാണ് ജമാഅത്തെ ഇസ്‌ലാമി എന്നാരോപിച്ചപ്പോൾ അതിന് ന്യായമായി ഉന്നയിച്ചത് ദൈവത്തിലും മതത്തിലും വിശ്വസിക്കുന്നവരാണ് രണ്ടു സംഘടനകളും എന്നതത്രെ. മറ്റൊരു കമ്യൂണിസ്റ്റ് നേതാവായ പ്രമോദ് ദാസ് ഗുപ്തയോട് ജമാഅത്തിനെ വർഗീയവാദികളെന്നാക്ഷേപിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് ജമാഅത്ത് നേതാക്കൾ അന്വേഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: "നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലേ; അതുതന്നെയാണ് നിങ്ങൾ വർഗീയവാദികളാണെന്നതിന് തെളിവ്." ഈ വാദം ശരിയാണെങ്കിൽ, ഗോഡ്സെയെപ്പോലെതന്നെ വർഗീയവാദിയായിരുന്നു ഗാന്ധിജി എന്നും പറയേണ്ടിവരും. ഇന്നിപ്പോൾ മതത്തെയും ദൈവത്തെയും അംഗീകരിക്കാൻ കമ്യൂണിസ്റ്റുകാരും തയാറായിരിക്കുകയാണ്. പാർട്ടിയിലേക്ക് വരുന്നവർ വിശ്വാസം പുറത്തുവെച്ചുവരണം എന്ന് പാർട്ടി ആവശ്യപ്പെടുന്നില്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഈയിടെ തുറന്നു പറയുകയുണ്ടായി. പഴയ കമ്യൂണിസ്റ്റ് നേതാക്കളുടെ വീക്ഷണത്തിൽ സി.പി.എമ്മിൽ ചേരുന്നവർ വർഗീയത വെടിയണമെന്ന് പാർട്ടി ആവശ്യപ്പെടുന്നില്ല എന്നാണ് ഇതിനർഥം.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ യാഥാർഥ്യം ശരിക്കും ഗ്രഹിച്ച ശേഷം മനഃപൂർവം അതിനെ കരിവാരിത്തേക്കാൻ ശ്രമിക്കുന്നവരാണ് ആക്ഷേപകരിലേറിയ കൂറും. എന്തൊക്കെയോ താൽപര്യങ്ങളുടെ പേരിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ എതിർക്കാൻ പ്രതിജ്ഞാബദ്ധരാണവർ. അതുകൊണ്ട് പ്രസ്ഥാനം അവതരിപ്പിക്കുന്ന പ്രത്യയശാസ്ത്രത്തെയും പ്രായോഗിക പ്രവർത്തനങ്ങളെയും വിമർശനവേദിയിൽനിന്ന് തള്ളിമാറ്റി, തങ്ങൾക്ക് ആക്ഷേപിക്കാനും ആക്രമിക്കാനും പാകത്തിൽ അപനിർമിക്കപ്പെട്ട മറ്റൊരു പ്രസ്ഥാനത്തെ അവർ ബഹുജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നു. പ്രസ്ഥാനത്തിന്റെ സമകാലീന സംഭവ യാഥാർഥ്യങ്ങളെ തമസ്കരിച്ചുകൊണ്ട്, ദശകങ്ങൾക്ക് മുമ്പ് അതിന്റെ നേതാക്കൾ നടത്തിയ പ്രസ്താവനാ ശകലങ്ങൾ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ദുർവ്യാഖ്യാനിക്കുകയാണ് അതിനവലംബിക്കപ്പെടുന്ന തന്ത്രം. അങ്ങനെ പണ്ട് ഇന്ത്യാ വിഭജനത്തെ പിന്താങ്ങിയവർക്കു പോലും അന്ന് വിഭജനത്തെ എതിർത്ത മൗലാനാ മൗദൂദിയിലും ജമാഅത്തെ ഇസ്‌ലാമിയിലും വിഘടനവാദം ആരോപിക്കാൻ കഴിയുന്നു. ഇസ്‌ലാമിന്റെ പേരിൽ സ്ഥാപിതമായ പാകിസ്താനിൽ ഇസ്‌ലാമിക സാമൂഹികനീതി പുലരണമെന്ന് അഭിപ്രായപ്പെട്ടതിന്റെ പേരിൽ മൗലാനാ മൗദൂദിയെ വർഗീയവാദിയായി കാണുന്നവർ, ഇന്ത്യയിലെ മുസ്‌ലിംകളാകമാനം കൊല്ലപ്പെട്ടാലും പാകിസ്താനിലെ ഒറ്റ ഹിന്ദുവും കൊല്ലപ്പെടാൻ പാടില്ലെന്ന് ഉദ്ബോധിപ്പിച്ച മൗദൂദിയെയോ ഇന്ത്യൻ മുസ്‌ലിംകളെ, അവർ വർഗീയമായി സംഘടിക്കുന്നത് വലിയ തെറ്റായിരിക്കുമെന്നുപദേശിച്ച മൗദൂദിയെയോ ഒരിക്കലും കാണാൻ കൂട്ടാക്കുകയില്ല.

**ജമാഅത്തിന്റെ ആദർശ ലക്ഷ്യങ്ങളും സ്വഭാവങ്ങളും പ്രവർത്തന പരിപാടികളും നിഷ്പക്ഷബുദ്ധ്യാ വിലയിരുത്തുന്നവർ അതിന്റെ അവർഗീയവും മൂല്യാധിഷ്ഠിതവുമായ സ്വഭാവത്തെ അംഗീകരിക്കാൻ മടിക്കാറില്ല. ജമാഅത്ത് മുന്നോട്ടുവെക്കുന്ന പ്രത്യയശാസ്ത്രവുമായി വിയോജിക്കുമ്പോൾതന്നെ, വർഗീയവിരുദ്ധവും മതസൗഹാർദപരവുമായ അതിന്റെ പ്രവർത്തന പരിപാടികളുമായി സഹകരിക്കാൻ തയാറാകുന്നവർ ഏറെയാണ്.**

ഈ വിമർശനതന്ത്രത്തിന്റെ ഉപജ്ഞാതാക്കൾ ജമാഅത്ത് വിരുദ്ധ മുസ്‌ലിം സംഘടനകളുടെ നേതാക്കളായ മതപണ്ഡിതന്മാരായിരുന്നു. ജമാഅത്തിനെ മതവിരുദ്ധവും സമുദായവിരുദ്ധവുമായ പ്രസ്ഥാനമായി ചിത്രീകരിക്കാനാണ് അവരതാവിഷ്കരിച്ചത്. ജമാഅത്ത് നിഗ്രഹത്തിന് തങ്ങളുടെ കൈവശമുള്ള ആയുധങ്ങളൊന്നും പോരെന്നു കണ്ട ചില സെക്യുലരിസ്റ്റുകൾ നേരത്തെ മുസ്‌ലിയാക്കന്മാർ കണ്ടെത്തിയ ആയുധം ബുദ്ധിപരമായ കാപട്യമാണെന്നറിഞ്ഞുകൊണ്ടുതന്നെ കൈയിലെടുത്ത് തലങ്ങും വിലങ്ങും വെട്ടുകയാണ്. കുറേയാളുകളെ കുറേക്കാലത്തേക്ക് സ്വാധീനിക്കാൻ തീർച്ചയായും അവർക്ക് കഴിയുന്നുണ്ട്. എന്നാൽ നിഷ്പക്ഷമായ സത്യാന്വേഷണ ബുദ്ധ്യാ ജമാഅത്തിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരെ ഇക്കൂട്ടർക്ക് സ്വാധീനിക്കാവില്ല. പ്രതിയോഗികൾ ഉദ്ധരിക്കുന്ന ഉദ്ധരണശകലങ്ങളിലൂടെയും അതിന് അവർ നൽകുന്ന വ്യാഖ്യാനങ്ങളിലൂടെയുമല്ല നിഷ്പക്ഷബുദ്ധികൾ ഒരു പ്രസ്ഥാനത്തെ പഠിക്കുക; പ്രത്യുത ആ പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന പ്രത്യയശാസ്ത്രത്തിലൂടെയും പ്രമാണങ്ങളിലൂടെയും സംഭവലോകത്ത് അത് കാഴ്ച വെക്കുന്ന പ്രവർത്തന പരിപാടികളിലൂടെയുമാണ്. സത്യം പകൽ വെളിച്ചത്തിൽ നിങ്ങൾ കണ്ടും കൊണ്ടും അറിയുന്നതല്ല; പകയുടെ ഇരുട്ടിലിരുന്ന് ഞങ്ങൾ വിളിച്ചു പറയുന്നതാണ് എന്ന നിലപാട് ആരുടേതായാലും വികലബുദ്ധികളല്ലാത്തവർക്ക് അംഗീകരിക്കാനാവില്ല. ◆